# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-02-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് രാജസ്ഥാനിലെ പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെ 'വായു ശക്തി' അഭ്യാസം വീക്ഷിക്കും.

**The President Droupadi Murmu will witness the Indian Air Force's Exercise 'Vayu Shakti' at the Pokhran Field Firing Range,in Rajasthan today.**

2. രാജ്യ വികസനത്തിന് സഹായകമാകുന്ന ദീർഘകാല ഘടങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരു ബജറ്റിന്റെ ഫലപ്രാപ്തി വിലയിരുത്തേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that the effectiveness of a budget should be assessed based on long-term parameters that contribute to the country's development.**

3. നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന എട്ടാം ക്ലാസ്സിലെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകം പിൻവലിക്കാൻ നിർദേശം നൽകി കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ .

**Union Education Minister Dharmendra Pradhan has directed the NCERT to withdraw book carrying a chapter on corruption in the judiciary**

4. മദ്യനയവുമായി ബന്ധപ്പെട്ട അഴിമതി കേസിൽ ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെയും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെയും ഡൽഹി കോടതി കുറ്റവിമുക്തരാക്കി.

**Delhi court today discharged former Delhi chief minister Arvind Kejriwal and former deputy chief minister Manish Sisodia in an excise policy-related corruption case.**

5. എറണാകുളം ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ചടങ്ങിൽ പങ്കെടുത്തു.

**Chief Minister Pinarayi Vijayan inaugurated the Ernakulam Brahmapuram Compressed Biogas Plant. Union Minister of State Suresh Gopi also attended the function.**

6. ഐ.സി.സി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 മത്സരത്തിൽ ഇംഗ്ളണ്ട് ഇന്ന് ന്യൂസിലാൻഡിനെ നേരിടും.

**In ICC Men's Twenty20 World Cup, England will face New Zealand today in the Super 8 match.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**RAJASTHAN PRESIDENT PRACHAND-**

രാജസ്ഥാനിലെ ജയ്സാൽമീർ വ്യോമസേനാ സ്റ്റേഷനിൽ, ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ പ്രചണ്ഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു യാത്ര ചെയ്തു. ഇന്ത്യൻ വ്യോമസേനാ ഉദ്യോഗസ്ഥർ ഹെലികോപ്റ്ററിന്റെ സവിശേഷതകളെക്കുറിച്ച് രാഷ്ട്രപതിയോട് വിവരിച്ചു. ഉയരം കൂടിയ തലങ്ങളിലെ പ്രവർത്തനങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന 'പ്രചണ്ഡ് ' എന്ന ലൈറ്റ് കോംബാറ്റ് ഹെലികോപ്റ്റർ, ഇന്ത്യൻ വ്യോമസേനയുടെ പോരാട്ട

ശേഷിയുടെ മികവ് വർദ്ധിപ്പിക്കുന്നു. ഇന്ന് വൈകുന്നേരം, പൊഖ്റാൻ ഫീൽഡ് ഫയറിംഗ് റേഞ്ചിൽ ഇന്ത്യൻ വ്യോമസേനയുടെ 'വായു ശക്തി' അഭ്യാസവും രാഷ്ട്രപതി വീക്ഷിക്കും.

&&&&&&&&&&&&&&&&&

## HEADLINE-2

## PM WEBINAR (INTRO)

*രാജ്യത്തിൻറെ വികസനത്തിന് സഹായകമാകുന്ന ദീർഘകാല ഘടങ്ങളെ അടിസ്ഥാനമാക്കിയാണ് ഒരു ബജറ്റിന്റെ ഫലപ്രാപ്തി വിലയിരുത്തേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതത്തിനായുള്ള സാങ്കേതികവിദ്യ, പരിഷ്കാരങ്ങൾ, ധനകാര്യം എന്ന വിഷയത്തിൽ നടക്കുന്ന ബജറ്റാനന്തര വെബിനാറിനെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെ യ്യുകയായിരുന്നു അദ്ദേഹം. വ്യാവസായിക പ്രക്രിയകൾക്കുള്ള നടപടികൾ ലളിതമാക്കുകയും സാങ്കേതികവിദ്യക്ക് ഊന്നൽ നൽകുകയും ചെയ്യുതിലൂടെ വികസിത ഭാരതം എന്ന ലക്ഷ്യത്തിന് ബജറ്റ് ഊർജം പകർന്നതായി പ്രധാനമന്ത്രി പറഞ്ഞു.*

*(വോയിസ് - പ്രധാനമന്ത്രി)*

*2026-27 ലെ കേന്ദ്ര ബജറ്റിനെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ബജറ്റാനന്തര വെബിനാർ പരമ്പരയിലെ ആദ്യത്തേതാണിത്. ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ വെബിനാർ ലക്ഷ്യമിടുന്നു.*

&&&&&&&&&&&&&&&&&

## HEADLINE-3

### PRADHAN-NCERT

നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന എട്ടാം ക്ലാസ്സിലെ എൻ.സി.ഇ.ആർ.ടി പാഠപുസ്തകം പിൻവലിക്കാൻ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ നിർദേശം നൽകി. കോടതിയെ അവഹേളിക്കാൻ സർക്കാരിന് യാതൊരു ഉദ്ദേശവുമില്ലെന്നും

കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നീതി ന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ച് പരാമർശിക്കുന്ന പാഠഭാഗം ഉൾപ്പെടുത്തിയതിന് എട്ടാം ക്ലാസ്സിലെ എൻ.സി.ഇ.ആർ.ടി സോഷ്യൽ സയൻസ് പുസ്തകത്തിന് സുപ്രീം കോടതി നേരത്തെ പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിരുന്നു. മാർച്ച് പതിനൊന്നിന് കോടതി കേസ് വീണ്ടും പരിഗണിക്കും.

&&&&&&&&&&&&&&&&&

## PM TRIBUTE – CHANDRASHEKHAR AZAD

സ്വാതന്ത്ര്യസമര സേനാനി ചന്ദ്രശേഖർ ആസാദിന്റെ രക്തസാക്ഷിത്വ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ എന്നിവർ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. അനീതിക്കെതിരെ ഉറച്ചുനിൽക്കാനുള്ള ദൃഢനിശ്ചയമാണ് യഥാർത്ഥ വീര്യം എന്ന് ചന്ദ്രശേഖർ ആസാദിന്റെ ജീവിതം പഠിപ്പിക്കുന്നുവെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## INDIA ISRAEL FTA NEGOTIATIONS

ഇന്ത്യ-ഇസ്രായേൽ സ്വതന്ത്ര വ്യാപാര കരാറിന്റെ ആദ്യ റൗണ്ട് ചർച്ചകൾ ന്യൂഡൽഹിയിൽ വിജയകരമായി പൂർത്തിയായി. നാല് ദിവസത്തെ ചർച്ചയ്ക്കാണ് ഇന്നലെ സമാപനമായത്. ചരക്കു-സേവനം, വ്യാപാരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ, കസ്റ്റംസ് നടപടിക്രമങ്ങൾ, ബൗദ്ധിക സ്വത്തവകാശം, ഡിജിറ്റൽ വ്യാപാരം, ഉൾപ്പെടെയുള്ളവ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&&

## PM VISIT MISRI

ഭൗമ ഭൗതിക പര്യവേക്ഷണം, സംസ്കാരം, മത്സ്യബന്ധനം, യുപിഐ, വിദ്യാഭ്യാസം ഉൾപ്പെടെ വിവിധ മേഖലകളിൽ ധാരണാപത്രങ്ങൾ കൈമാറി ഇന്ത്യയും ഇസ്രയേലും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവും തമ്മിൽ നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങൾ കൈമാറിയത്. ആഴത്തിലുള്ള വിശ്വാസം, ജനാധിപത്യ മൂല്യം എന്നിവയിലധിഷ്ഠിതമാണ് ഇന്ത്യ- ഇസ്രയേൽ

ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സംയുക്ത പത്രസമ്മേളനത്തിൽ പറഞ്ഞു. ഇസ്രായേൽ ഭീകരാക്രമണത്തെയും, പഹൽഗാം ഭീകരാക്രമണത്തെയും ഇരു നേതാക്കളും അപലപിച്ചു. ഇന്ത്യൻ വംശജരായ ജൂത സമൂഹവുമായും പ്രധാനമന്ത്രി സംവദിച്ചു. പ്രധാനമന്ത്രിയുടെ ഇസ്രയേൽ സന്ദർശനം വിജയകരമായിരുന്നു എന്നും ഇരു രാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ ബന്ധം സവിശേഷ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചതായും വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.രണ്ടു ദിവസത്തെ ഇസ്രയേൽ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി ന്യൂഡൽഹിയിൽ തിരിച്ചെത്തി.

&&&&&&&&&&&&&&&&&

**CHENNAI CM PANEERSELVAM DMK**

തമിഴ്നാട് മുൻ മുഖ്യമന്ത്രിയും AIDMK കോർഡിനേറ്ററുമായ ഒ. പനീർസെൽവം, അദ്ദേഹത്തിന്റെ മകനും മുൻ എം. പി. യുമായ രവീന്ദ്രനാഥ് എന്നിവർ ഇന്ന് ഭരണകക്ഷിയായ DMK യിൽ ചേർന്നു. ചെന്നൈയിലെ പാർട്ടി ആസ്ഥാനമായ അറിവാലയത്തിൽ വെച്ച് അദ്ദേഹത്തിന്റെ അനുയായികളും DMK യിൽ ചേർന്നു.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**HEADLINE-4**

**COURT KEJRIWAL**

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട അഴിമതി കേസിൽ ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെയും മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെയും ഡൽഹി കോടതി കുറ്റവിമുക്തരാക്കി. സിബിഐ

കുറ്റപത്രം പരിഗണിക്കാൻ ഡൽഹി റോസ് അവന്യു കോടതി വിസമ്മതിച്ചു. കുറ്റപത്രത്തിൽ തെളിവുകളുടെ അഭാവമുണ്ടെന്ന് പ്രത്യേക ജഡ്ജി ജിതേന്ദ്ര സിംഗ് വ്യക്തമാക്കി. കേസിൽ ഉൾപ്പെട്ട മറ്റ് 21 പേരെയും കോടതി കുറ്റവിമുക്തരാക്കി. താൻ സത്യസന്ധനാണെന്നും സത്യം വിജയിച്ചുവെന്നും ശ്രീ കെജ്‌രിവാൾ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-5**

**CM-BIO GAS**

എറണാകുളം ബ്രഹ്മപുരം കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. മന്ത്രി എം ബി രാജേഷ് അധ്യക്ഷത വഹിച്ചു. വളർന്നു വരുന്ന തലമുറക്ക് പിടിച്ചു നിൽക്കാൻ നൈപുണ്യ വികസനം ഏറെ അനിവാര്യമാണെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി പറഞ്ഞു. മന്ത്രി പി രാജീവും സന്നിഹിതനായിരുന്നു. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്തെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഭൂമിയിലാണ് പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**KERALA - SIR**

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

&&&&&&&&&&&&&&&&&&

**WB - VOTER LIST PUBLICATION**

പശ്ചിമ ബംഗാളിലെ അന്തിമ വോട്ടർ പട്ടിക നാളെ പ്രസിദ്ധീകരിക്കും. സുപ്രീം കോടതി നിർദ്ദേശപ്രകാരമാണ് നടപടിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. നിലവിൽ 7 കോടി എട്ട് ലക്ഷം വോട്ടർമാരാണ് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. 58 ലക്ഷത്തോളം പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതേസമയം, വോട്ടർമാരെ കൂട്ടത്തോടെ ഒഴിവാക്കിയെന്ന മുഖ്യമന്ത്രി മമത ബാനർജിയുടെ ആരോപണം കമ്മീഷൻ തള്ളി.

&&&&&&&&&&&&&&&&&

**AGNIVEER-RAILWAY- (INTRO)**

***അഗ്നിവീർ, സൈനിക ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് വിരമിക്കലിന് ശേഷവും തൊഴിൽ അവസരങ്ങൾ ഉറപ്പാക്കാൻ സഹകരണ സംവിധാനത്തിന് തുടക്കമിട്ട് ഇന്ത്യൻ സൈന്യവും റെയിൽവേയും.***

***വിഷാദാംശങ്ങളിലേക്ക്...***

***(വോയിസ്)***

**AGNIVEER -RAILWAY - (VO)**

***മുൻ സൈനികരെ വേഗത്തിൽ നിയമിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുമായി, സാധാരണ നിയമന പ്രക്രിയകൾ പൂർത്തിയാകുന്നതുവരെ ഇന്ത്യൻ റെയിൽവേയിലുടനീളം കരാർ അടിസ്ഥാനത്തിൽ മുൻ സൈനികരെ നിയമിക്കാൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ചു. നിയമനവുമായി ബന്ധപ്പെട്ട് വിവിധ സേനകളും റയിൽവെ ഡിവിഷനുകളും തമ്മിൽ ഇതുവരെ, 9 ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. നിലവിലുള്ള റിക്രൂട്ട്മെന്റ് സംവിധാനത്തിനുള്ളിൽ മുൻ സൈനികരുടെയും മുൻ അഗ്നിവീറുകളുടെയും ഘടനാപരമായ പങ്ക് പ്രോത്സാഹിപ്പിക്കുകയും ദീർഘകാല സഹകരണം ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ സംവിധാനം.***

***ന്യൂസ് ഡെസ്ക്... ആകാശവാണി.***

&&&&&&&&&&&&&&&&&&

## HEADLINE-6

## CRICKET

ഐ.സി.സി പുരുഷ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 മത്സരത്തിൽ ഇംഗ്ളണ്ട് ഇന്ന് ന്യൂസിലാൻഡിനെ നേരിടും. കൊളംബയിലെ ആർ. പ്രേമദാസ സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## CM-KERALA STORY

'ദ കേരള സ്റ്റോറി 2' എന്ന സിനിമയുടെ റിലീസ് തടഞ്ഞുകൊണ്ടുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് സ്വാഗതം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമപോരാട്ടം നടത്തിയ ഹർജിക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നതായും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## CANADA PM VISIT

നാലു ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണി ഇന്ന് മുംബൈയിൽ എത്തും. അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. അടുത്ത രണ്ട് ദിവസം പ്രത്യേക വ്യാപാര ചർച്ചകളിൽ പങ്കെടുക്കുന്ന അദ്ദേഹം, ഇന്ത്യാ-കാനഡ C E O .മാർ, വ്യാവസായിക-സാമ്പത്തിക വിദഗ്ധർ, നൂതനാശയ വിദഗ്ധർ, അധ്യാപകർ തുടങ്ങിയവരുമായി സംവദിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. മാർച്ച് 1 ന് മാർക്ക് കാർണി ന്യൂഡൽഹി സന്ദർശിക്കും. ഹൈദരാബാദ് ഹൗസിൽ, പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രതിനിധിതല ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&